# ദൈവീക സമ്മാനം

## എഫേസ്യർ 2:8

"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു. അതിനും നിങ്ങൾ കാരണമല്ല. ദൈവത്തിന്റെ ദാനമത്രേയാകുന്നു."

ദൈവത്തിന്റെ ഏറ്റം മഹത്തായ ദാനം അഥവാ വലിയ ദാനം (gift) എന്താണെന്ന് പ്രസ്തുത വചനം നമ്മെ പഠിപ്പിക്കുന്നു. കൃപയാൽ വിശ്വാസംമൂലം ലഭിച്ച രക്ഷ എന്ന ദാനം. രക്ഷയെന്ന മഹാദാനത്തിന്റെ ഉറവിടം ദൈവകൃപയാകുന്നു. എങ്ങനെ ഈ കൃപ നമുക്കു ലഭിച്ചു. യോഹന്നാൻ തന്റെ സുവിശേഷത്തിന്റെ തുടക്കത്തിൽ തന്നെ ഈ സത്യം നമ്മെ പഠിപ്പിക്കുന്നു. 'കൃപയും സത്യവും യേശുക്രിസ്തു മുഖാന്തരം ലഭിച്ചു' **യോഹന്നാൻ 1:18** വചനമായവൻ, ദൈവമായവൻ, ജീവനായവൻ, സത്യമായവൻ, വെളിച്ചമായവൻ ജഡമായി ലോകത്തിലേക്ക് കടന്നുവന്നു. കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. അതേ, ആ വലിയ സമ്മാനം തന്ന് ലോകജനതയെ രക്ഷിപ്പാനായുള്ള തന്റെ കടന്നുവരവിനായി ഒരിക്കൽ കൂടി നന്ദിയോടെ അവനു സ്തോത്രം ചെയ്യാം. മഹത്വം കരേറ്റാം.

ഈ ദിവസങ്ങളിൽ ലോകമെമ്പാടും ക്രിസ്മസ് ആഘോഷങ്ങളിൽ നിറഞ്ഞു നിൽക്കുന്നതു കാണാം. പ്രത്യേകിച്ച് തങ്ങളുടെ പ്രിയപ്പെട്ടവർക്കായി, സ്നേഹിക്കുന്നവർക്കായി അനേകം സമ്മാനങ്ങൾ കൈമാറുന്നതായി കാണാം. എത്ര വിലയേറിയതെന്ന് ലോകപ്രകാരം മനസ്സിലാക്കിയാലും ഈ സമ്മാനങ്ങളുടെ ഒക്കെ സന്തോഷത്തിന് പരിമിതി ഉണ്ട്. എന്നാൽ പരിമിതിയില്ലാതെ സ്നേഹിച്ച തമ്പുരാന്റെ സ്നേഹം തന്റെ പുതൻ ആയ യേശുക്രിസ്തുവിലൂടെ, കൃപയും സത്യവും നിറഞ്ഞവനായി ലോകത്തിലേയ്ക്ക് സമ്മാനമായി ഇറങ്ങിവന്നു. ഈ സത്യം തിരിച്ചറിയാനും സത്യത്തിൽ നിലനിൽക്കാനും നമ്മിൽ ചൊരിഞ്ഞ കൃപ എത്ര വിലയേറിയതാകുന്നു. ദൈവപിതാവിന്റെ വലിയ ദാനത്തെ നമുക്ക് ഏറെ നന്ദിയോടും അർപ്പണത്തോടും ഒരു പുതുക്കത്തോടെ ഹൃദയങ്ങളിൽ ഉറപ്പിക്കാം.

വചനം നമ്മെ പഠിപ്പിക്കുന്നു പാപത്തിന്റെ ശമ്പളം മരണം ആകുന്നു. മറ്റ് എന്തെല്ലാം വിഷയങ്ങളിൽ നിന്നും നാം രക്ഷപെട്ടാലും, പാപത്തിൽ നിന്നുള്ള രക്ഷ നമുക്ക് സ്വയം പ്രാപിക്കാൻ സാധ്യമല്ല. പാപങ്ങളിൽ നിന്നും രക്ഷിപ്പാൻ കടന്നുവന്ന ഇമ്മാനുവേൽ, നമ്മുടെ കർത്താവായ യേശു മാത്രം ആകുന്നു. "നിത്യജീവൻ" എന്ന മഹാദാനം നമുക്കായി അവൻ തന്നു. ആത്മാവിന്റെ നിത്യമായ മരണം എന്ന വലിയ നീതിന്യായ

കോടതിയിൽ നിന്നുള്ള സ്വാതന്ത്ര്യം ആണ് ഈ വിലയേറിയ സമ്മാനത്തിലൂടെ അവന്റെ മക്കൾക്ക് ലഭിച്ചത്. അതേ അവന്റെ നാമത്തിൽ വിശ്വസിക്കുന്നവക്ക് അവന്റെ മക്കൾ ആകാനുള്ള അധികാരം കൊടുത്തു എന്ന സത്യവചനം എത്ര അത്ഭുതകരമാകുന്നു. കുറിവാക്യത്തിൽ കണ്ടതുപോലെ യേശുവിനെ വിശ്വസിക്കണമെങ്കിലും കൃപവേണം. ആ കൃപയാകുന്നു സൗജന്യമായി അവൻ നമുക്കു ചൊരിഞ്ഞു തന്നത്.

ഈ ക്രിസ്മസ് ദിനത്തോടു ചേർന്നുനിന്നുകൊണ്ട് ദൈവമക്കൾ ആകാൻ അധികാരം ലഭിച്ച നമുക്ക് കർത്താവിനെ മഹത്വപ്പെടുത്താം. വിശ്വസിക്കാൻ തന്ന കൃപയ്ക്കായി സ്തോത്രം ചെയ്യാം. ജീവിതത്തിൽ ലഭിക്കാത്തതായ എന്തെങ്കിലുമോർത്ത് വ്യാകുലപ്പെടുകയോ നിരാശപ്പെടുകയോ ചെയ്യുമ്പോൾ ഏറ്റം മഹത്തരമായി നമുക്കു ലഭിച്ച ദാനത്തെയോർത്ത് ഒരായിരം നന്ദി കരേറ്റാം. ഇതിലുപരിയായി ഒന്നും നമുക്ക് ലഭിപ്പാനില്ല. ലഭിച്ചാൽ തന്നെ അതിന്റെ സന്തോഷം നൈമിഷികം മാത്രം. നിത്യജീവനായി മുദ്രയിടപ്പെട്ട എന്റെ ജീവിതത്തെ കർത്താവേ നീ കരുതണമേ, സൂക്ഷിക്കണമേ എന്ന പ്രാർത്ഥനയോടെ ആയിരിക്കാം. പുതുവർഷം അനുഗ്രഹിക്കപ്പെടട്ടെ.

**പരാമർശം:**

മത്തായി 1:21

അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവന്നു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 136**